LIBRARY ARCHIVES Kerala Legislative Assembly

പൊന്നാനി തുറമുഖ വികസനം

359(2715) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി തുറമുഖം ഏതു കാലാവസ്ഥയിലും പ്രവർത്തന സജ്ജമാക്കുന്നതിന് പി.പി.പി. വ്യവസ്ഥയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾ ഏതുവരെയായി; വിശദമാക്കുമോ;

&

(ബി) പൊന്നാനി തുറമുഖം പ്രാവർത്തികമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പൊന്നാനി തുറമുഖ വികസനത്തിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി കൺസഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും തുറമുഖ വികസനത്തിനായി 29.93 ഏക്കർ ഭൂമി ടി കമ്പനിക്ക് കൈമാറി നൽകുകയും ചെയ്തിരുന്നു. അതിനുശേഷം 240 മീറ്റർ റീടെൻഷൻവാൾ നിർമ്മിച്ചതല്ലാതെ മറ്റ് നിർമ്മാണ പ്രവൃത്തികളൊന്നും കമ്പനി നടത്തിയിട്ടില്ല. ഫിനാൻഷ്യൽ ക്ലോഷറിനായി പരമാവധി 4 വർഷം അനുവദിച്ചുകൊണ്ട് തീരുമാനമായിരുന്നെങ്കിലും ധാരണാപത്രം ഒപ്പിട്ട് 10 വർഷം പൂർത്തിയാക്കിയിട്ടും പ്രസ്തുത സ്ഥാപനം കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥകളനുസരിച്ച് തുറമുഖ നിർമ്മാണ പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥ അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. തുടർനടപടികൾ ആലോചിച്ചുവരുന്നു.

തുറമുഖ വകുപ്പ് നൽകുന്ന ലൈസൻസുകൾ

360(2716) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുറമുഖ വകുപ്പ് വഴി നൽകുന്ന ലൈസൻസുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?